33 ശ്രീ. കെ. രാഘവൻ മാസ്റ്റർ
34. ,, കെ. കെ. രാമചന്ദ്രൻ മാസ്റ്റർ
35. ,, കെ. പി. രാമചന്ദ്രൻ നായർ
36 ,, എസ്. രാമചന്ദ്രൻ പിള്ള
37. ,, തേറമ്പിൽ രാമകൃഷ്ണൻ
38. ,, രമേശ് ചെന്നിത്തല
39. ,, പി. സീതിഹാജി
40. ,, സിദ്ധാർത്ഥൻ കാട്ടുങ്ങൽ
41. ,, കടവൂർ ശിവദാസൻ
42. ,, കെ. കെ. ശ്രീനിവാസൻ
43. ,, എൻ. ശ്രീനിവാസൻ
44. ,, പന്തളം സുധാകരൻ
45. ,, കോട്ടക്കുഴി സുകുമാരൻ
46. ,, സി. എം. സുന്തരം
47. ,, എൻ. സുന്ദരൻ നാടാർ
48. ,, പി. സുരേന്ദ്രൻ പിള്ള
49. ,, പി. പി. തങ്കച്ചൻ
50. ,, സി. എഫ്. തോമസ്
51. ,, തോമസ് കല്ലംപള്ളി
52. ,, പി. കെ. വേലായുധൻ
53. ,, എൻ. ശക്തൻ നാടാർ

അനുകൂലിക്കുന്നവർ – 56
പ്രതികൂലിക്കുന്നവർ—53
നിഷ്പക്ഷർ—ആരുമില്ല.

ശ്രീ. കാനം രാജേന്ദ്രൻ അവതരിപ്പിച്ച 1984-ലെ കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം സഭ വോട്ടിനിട്ട് അംഗീകരിച്ചു. ബില്ലിന് അവതരണാനുമതി നൽകിയതായി പ്രഖ്യാപിക്കപ്പെട്ടു.

(4) 1984-ലെ കേരള വിദ്യാഭ്യാസ (ഭേദഗതി) ബിൽ

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : 1958-ലെ വിദ്യാഭ്യാസ ആക്ടിനുള്ള ഒരു ഭേദഗതിയാണ് ഞാൻ അവതരിപ്പിക്കുന്നത്. ഏതായാലും ഇവിടെ ബില്ലുകൾക്ക് അവതരണാനുമതി കിട്ടുകയില്ലായെന്ന ഒരു ധാരണ ഉണ്ടായിരുന്നു. ഇന്ന് ഇവിടെ നടന്ന വോട്ടെടുപ്പോടുകൂടി ആ ധാരണ അസ്ഥാനത്തായി. സ്വകാര്യ വിദ്യാഭ്യാസ മേഖലയിൽ പുതിയ സ്കൂളുകൾ അനുവദിക്കരുതെന്നുള്ളതാണ് എന്റെ ഭേദഗതിയുടെ ഉള്ളടക്കം. സ്കൂൾ മാനേജുമെന്റുകൾ നടത്തുന്ന അഴിമതി നിരോധിക്കണമെന്നുള്ളതാണ് ഞാൻ ഈ ബില്ലു കൊണ്ട് ഉദ്ദേശിക്കുന്നത്. നമ്മുടെ വിദ്യാഭ്യാസ മേഖല ഇന്ന് അഴിമതിയിൽ മുങ്ങിക്കിടക്കുകയാണ്. ഇന്ന് സ്വകാര്യ വിദ്യാഭ്യാസ മേഖല കൈയടക്കി വച്ചിരിക്കുന്ന സ്ഥാപിത താൽപ്പര്യക്കാർ സ്കൂൾ പ്രവേശനത്തിനും അദ്ധ്യാപക നിയമനങ്ങൾക്കും കോഴ വാങ്ങുന്നു. കേരളാ പ്ലാനിംഗ് ബോർഡിന്റെ ഹൈലെവൽ കമ്മിറ്റി ഗവൺമെന്റിന് സമർപ്പിച്ച ശുപാർശകളിൽ സ്വകാര്യ മേഖലയിൽ പുതിയ സ്കൂളുകൾ അനുവദിക്കരുതെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. വിദ്യാഭ്യാസ രംഗത്ത് പല പരിഷ്കാരങ്ങളും വരുത്തുന്ന നമ്മുടെ ഗവൺമെന്റ് ആ റിപ്പോർട്ട് കണ്ടില്ലെന്നു നടിക്കുകയാണ്

LIBRARY ARCHIVES Kerala Legislative Assembly

ഒരു കാലത്ത് സ്വകാര്യ മാനേജുമെന്റുകളും വിദ്യാഭ്യാസ സ്ഥാപനങ്ങളും നടത്തിയിരുന്നത് ലാഭത്തെ കണക്കാക്കിയായിരുന്നില്ല. ക്രിസ്ത്യൻ മിഷനറികളും വിദ്യാഭ്യാസ മേഖലയിൽ ചെയ്ത സേവനങ്ങളും ഒരു കാലത്ത് എല്ലാവരും അംഗീകരിച്ചിരുന്നതാണ്. ക്രിസ്ത്യൻ മിഷനറികളും വിദ്യാഭ്യാസ മേഖലയിൽ കടന്നുവന്നത് സ്വാർത്ഥതാൽപ്പര്യം വച്ചുകൊണ്ടായിരുന്നില്ല. എന്നാൽ ഇന്ന് സ്ക്കൂളുകളും നടത്തുന്നത് അഴിമതി നടത്താൻ വേണ്ടിയാണെന്നാണ് വന്നിരിക്കുന്നത്. എല്ലാ തട്ടിപ്പുവീരൻമാരും ഇന്ന് സ്ക്കൂളുകളാണ് തുടങ്ങുന്നത്. അന്തർദേശീയ തട്ടിപ്പുവീരനായ കൊല്ലംത്ത ഗോപിക്കുട്ടൻ വരെ സ്ക്കൂളും തുടങ്ങി. ഗോപിക്കുട്ടന്റെ ഓച്ചിറയിലെ സ്ക്കൂൾ ഉദ്ഘാടനം ചെയ്തത് ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രി ശിവദാസനാണ്. അങ്ങനെ തട്ടിപ്പുവീരൻമാരു, കള്ളക്കടത്തുകാരും മരംകടത്തുകാരുമെല്ലാം വിദ്യാഭ്യാസ രംഗത്തേക്ക് കടന്നുവന്നിരിക്കുന്ന സ്ഥിതിയാണ് ഇന്നുള്ളത്. സ്വകാര്യ മാനേജുമെന്റുകളെ നിയന്ത്രിക്കണം, മൂക്ക് കയറിടണമെന്നു പറഞ്ഞവരാണല്ലോ കെ. എസ്. യു. ക്കാർ. കെ. എസ്. യു ക്കാർക്ക് ഇപ്പോഴും ഇതിനെക്കുറിച്ച് ഒന്നും പറയാൻ സമയമില്ല. അവർക്ക് ഇപ്പോഴും തമ്മിൽ തല്ലാൻ മാത്രമാണ് സമയം. കെ. എസ്. യു. ക്കാരുടെ മേഖലയിൽ നിന്നും യൂത്ത് കോൺഗ്രസ്സുകാരായി വളർന്നുവന്ന എം. എൽ. എ. മാർ ഈ സഭയിലുണ്ട്. അവരെങ്കിലും എന്റെ ഈ ബില്ലിനെ അനുകൂലിക്കണമെന്നാണ് എനിക്ക് പറയുവാനുള്ളത്.

ശ്രീ. വി. കെ. രാജൻ : കോൺഗ്രസ് (ഐ) കാരും കോൺഗ്രസ് (എ) കാരും തമ്മിൽ ലയനം നടന്നു. അങ്ങനെ ലയനം നടന്ന അവസരത്തിലും കെ. എസ്. യു. (ഐ) ക്കാർ (എ) ക്കാരെ തല്ലും. ആ തല്ലുന്ന കാര്യത്തിൽ തന്നോട് വന്ന് മദ്ധ്യസ്ഥത പറയരുതെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണിയോട് പറഞ്ഞിരുന്നു.

മി. സ്പീക്കർ : അതല്ല, ബില്ലാണ് ഇവിടെ പ്രശ്നം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : എ. കെ. ആന്റണിയെക്കുറിച്ച് ഞാൻ ഒന്നും പറയുന്നില്ല. ഒരു കാലത്ത് അദ്ദേഹം വലിയ വിപ്ലവം പ്രസംഗിച്ച ആളാണ്. കല്യാണം കഴിച്ചതോടുകൂടി അദ്ദേഹത്തിന്റെ വിപ്ലവം പോയി.

ഞാൻ പറഞ്ഞുവന്നത്, കെ. എസ്. യു. ക്കാർക്ക് വിദ്യാഭ്യാസ സ്ഥാപനത്തോടല്ല ഇപ്പോഴും ഇഷ്ടം. കെ. എസ്. യു. വിന്റെ ഇപ്പോഴത്തെ ഇഷ്ടം പോലീസ് സ്റ്റേഷൻ കൈയടക്കി വയ്ക്കുന്നതിനോടാണ്. വിദ്യാഭ്യാസ മേഖലയിലെ കാര്യങ്ങളെക്കുറിച്ച് ചർച്ച ചെയ്യാൻ അവർക്ക് സമയമില്ല. ഇപ്പോഴും രണ്ട് കെ. എസ്. യു. ഉണ്ട്. ആഭ്യന്തരവകുപ്പുമന്ത്രി ഇന്നലെ പറഞ്ഞു, എ. യുമില്ല, ഐ. യുമില്ലായെന്ന്. പക്ഷേ കരുണാകരൻ കെ. എസ്. യു., രവി കെ. എസ്. യു. എന്നിങ്ങനെ രണ്ട് കെ. എസ്. യു. ഇന്നുണ്ട്. ശരച്ചന്ദ്രപ്രസാദ് എന്നു പറയുന്ന ആളും ഒരു ക്രിമിനലാണെന്ന് ശ്രീ. പി. ടി. തോമസ് പറഞ്ഞു. വിദ്യാർത്ഥികളുടെ പ്രശ്നമാണല്ലോ കെ. എസ്. യു. കെ. എസ്. യു. ഒരു പ്രമുഖ വിദ്യാർത്ഥി സംഘടനയാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട സ്പീക്കർക്ക് ഇത് അംഗീകരിക്കാതിരിക്കാൻ നിവൃത്തിയില്ല. അങ്ങും ഒരു കെ. എസ്. യു. കാരനായിരുന്നല്ലോ. പക്ഷേ അങ്ങയുടെ കാലത്തുള്ള കെ. എസ്. യു. അല്ല ഇന്നുള്ള കെ. എസ്. യു. അങ്ങയുടെ കാലത്തെ കെ. എസ്. യു. വിദ്യാഭ്യാസ രംഗത്തെ കാര്യങ്ങളും പറയുമായിരുന്നു. ഇന്നത്തെ കെ. എസ്. യു. പോലീസ് സ്റ്റേഷൻ കൈയടക്കാൻ എന്താണ് വിദ്യ എന്നാണ് ആലോചിക്കുന്നത്. എനിക്ക് കെ. എസ്. യു. ക്കാരോടും

LIBRARY ARCHIVES Kerala Legislative Assembly

യുത്തുകോൺഗ്രസ്കാരോടും പറയുവാനുള്ളത്, സ്വകാര്യ വിദ്യാഭ്യാസമേഖല യിൽനടക്കുന്ന അഴിമതി നമുക്ക് അവസാനിപ്പിക്കണം. അത് അവസാനിപ്പി ക്കുന്നതിനുവേണ്ടിയുള്ള നിയമനിർമ്മാണം ഇവിടെ ഉണ്ടാകണം.

മി. സ്പീക്കർ : അങ്ങേയ്ക്ക് അടുത്ത ആഴ്ച ചർച്ച തുടരാം.

(5) 1985-ലെ കേരള പൊതു പ്രവർത്തകർ (അഴിമതിനിരോധന) ഭേദഗതി ബിൽ

ശ്രീ. വർക്കല രാധാകൃഷ്ണൻ: ഞാൻ ഇന്ന് ചർച്ച തുടങ്ങുമ്പോഴും എന്റെ മനസ്സിൽ പുരാണത്തിലുള്ള ഒരു ചിത്രമാണ് ഓർമ്മവരുന്നത്. അതായത് വിശ്വാമിത്രന്റെ ചിത്രം. വിശ്വാമിത്രൻ മേനകയുമായി അവിഹിത വേഴ്ച നടത്തി ഒരു സന്തതി ഉണ്ടായി. ആ സന്തതിയുമായി മേനക വിശ്വാമി ത്രന്റെ അടുത്ത് പെല്ലുമ്പോഴും വിശ്വാമിത്രൻ കൈപൊക്കി അങ്ങനെ നിൽക്കും, ഉത്തരവാദിത്വം വിട്ടുകൊണ്ട്. അതുപോലെയാണ് വയലാർ രവി എന്നുപറഞ്ഞ മാന്യൻ. അദ്ദേഹം അഴിമതി നിരോധന നിയമമുണ്ടാക്കി. ഞാൻ എന്തുകൊണ്ട് അതു പറയുന്നുവെന്നു ചോദിച്ചാൽ എന്റെ മുമ്പിൽ Kerala Publicmen (Prevention of Corruption) Commission അവർ സമർപ്പിച്ച റിപ്പോർട്ട് ഉണ്ട്. ചട്ടപ്രകാരം സമർപ്പിച്ച റിപ്പോർട്ടാണ്. ആ റിപ്പോർട്ടിൽ പ്രധാനമായും മൂന്ന് കാര്യങ്ങളാണ് പറഞ്ഞിട്ടുള്ളത്. അതിൽ ഒന്നാമതായി വളരെ പ്രധാനമായി അവർ ഉന്നയിക്കുന്ന ആവശ്യം സ്വത്ത് വിവരമാണ്. നേരത്തേ ശ്രീ. രാജൻ ഇവിടെ പറഞ്ഞു. ബാലകൃഷ്ണപിള്ളയുടെ രമ്യഹർമ്യങ്ങൾ. ഉഗ്രൻ കെട്ടിട ങ്ങൾ. ഇത്, അവരുടെ വരുമാനവുമായി ഡിസ്പ്രൊപ്പോഷനേറ്റായാൽ അത് അന്വേഷിക്കണമെന്നാണ് കമ്മീഷൻ പറയുന്നത്. ഞാൻ ആ പ്രസക്തമായ ഭാഗം വായിക്കാം.

Para 6 (12)

It is common knowledge that the usual method of corrupting a publicman is through the offer of "gifts" either to the public man himself or his relatives or through out her similar inducements not always easily amenable to legal action. Often these gifts or other inducements add up considerably to one's tangible assets. Some of the classic cases of corruption in our country have had as their main basis possession of wealth disproportionate to the legitimate sources of income of the persons involved. കമ്മീഷൻ വച്ചിരിക്കുന്ന ശുപാർശ കളിൽ പ്രധാനപ്പെട്ട ഒരു കാര്യം ഇതാണ്. പ്രൊപ്പർട്ടി സ്റ്റേറ്റുമെൻറ്. ഞാൻ ഈ ഭേദഗതിബില്ല് കൊടുത്തതിനുശേഷമാണ് ഈ റിപ്പോർട്ട് വന്നത്. ഏപ്രിൽ 30-ാം തീയതിയാണ് ഗവർണ്ണർക്ക് ഈ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളത്. കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ ഇതേ ഉദ്ദേശത്തോടുകൂടിയാണ് ഞാൻ ഭേദഗതി അവതരിപ്പിച്ചത്. എന്റെ ഭേദഗതി എത്രമാത്രം ശരിയാണെന്ന് ഒരു കൊല്ലം പ്രവർത്തിച്ച കമ്മീഷന്റെ റെക്കമെൻറേഷൻ ഇപ്പോൾ വ്യക്തമാക്കിയിട്ടുണ്ട്. അതുപോലെതന്നെ ഈ നിയമത്തിലെ 26-ാം വകുപ്പ്. പരാതിക്കാരനെ ശിക്ഷി ക്കുന്ന വകുപ്പ് എടുത്തുകളയണമെന്നുള്ള ഭേദഗതി എന്റെ ബില്ലിൽ ഉൾപ്പെടു ത്തിയിട്ടുണ്ട്. കമ്മീഷന്റെ ശുപാർശ എന്താണ്? കമ്മീഷനും അതേ ശുപാർശ യാണ് നടത്തിയിരിക്കുന്നത്.

Para (4):

There is a feeling that the provision contained in section 26 penalising the making of a false allegation against a public man with malicious motive or with intend to cause injury to him act as a deterrent against filing complaints before the Commission. It is proposed that Section 26 may be deleted: 26-ാം വകുപ്പ് ഡിലീറ്റ് ചെയ്യണം.

LIBRARY ARCHIVES Kerala Legislative Assembly